**15 -ാം കേരള നിയമസഭ**

**13 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 991** **11-02-2025 - ൽ മറുപടിയ്ക്ക്**

**സ്വകാര്യ ഭൂമിയിലും പൊതുസ്ഥലങ്ങളിലും എക്കലും മണലും നിക്ഷേപിക്കുന്നതിനുള്ള പദ്ധതി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ. കെ.എൻ. ഉണ്ണികൃഷ്ണൻ** | | **ശ്രീ. റോഷി അഗസ്റ്റിൻ<br>(ജലവിഭവ വകുപ്പ് മന്ത്രി)** | |
| (എ) | ഇറിഗേഷൻ വകുപ്പിന്റെയും മൈനിങ്ങ് ആന്റ് ജിയോളജി വകുപ്പിന്റെയും തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെയും സംയുക്ത സഹകരണത്തോടെ പുഴകളിലും തോടുകളിലും അടിഞ്ഞുകൂടിയിരിക്കുന്ന എക്കലും മണലും നീക്കം ചെയ്യുന്നതിനും സ്വകാര്യ വ്യക്തികളുടെ ഭൂമിയിൽ നിക്ഷേപിക്കുന്നതിനും നിയമപരമായ വിലക്ക് ഏർപ്പെടുത്തിയിട്ടുണ്ടോ; വിശദമാക്കാമോ; | (എ) | ജലപ്രവാഹം മെച്ചപ്പെടുത്തുന്നതിനും, വെള്ളപ്പൊക്കം തടയുന്നതിനും, സഞ്ചാര യോഗ്യത നിലനിർത്തുന്നതിനുമാണ് ജലസേചന വകുപ്പ് പുഴകളിലും തോടുകളിലും അടിഞ്ഞുകൂടിയിരിക്കുന്ന എക്കലും മണലും നീക്കം ചെയ്യൽ പ്രവൃത്തികൾ പ്രധാനമായും ചെയ്തു വരുന്നത്. ഇങ്ങനെ നീക്കം ചെയ്യുന്ന എക്കലും മണലും നദികളുടെയും തോടുകളുടെയും ബണ്ട് നിർമ്മാണത്തിന് ഉപയോഗിക്കുകയോ ലേലം ചെയ്തു വിൽക്കുകയോ ആണ് പതിവ്. കൂടാതെ, അവ നീക്കം ചെയ്യുന്ന സമയത്ത് സ്വകാര്യ വ്യക്തികളുടെ ഭൂമിയിൽ നിക്ഷേപിച്ചാലും അത് പിന്നീട് ലേലം നടത്തി അതിന്റെ വരുമാനം സർക്കാർ ഖജനാവിലേക്ക് മുതൽ കൂട്ടുകയാണ് ചെയ്യുന്നത്. |
| (ബി) | പ്രസ്തുത പ്രവൃത്തി നടപ്പിലാക്കുന്നതിന് എന്തെങ്കിലും പദ്ധതി ആവിഷ്കരിച്ചിട്ടുണ്ടോ; ഇല്ലെങ്കിൽ കാലാവസ്ഥാ വ്യതിയാനം മൂലം വെള്ളം കയറുന്ന വൈപ്പിൻ കര, കൊച്ചി ഉൾപ്പെടെയുള്ള തീരപ്രദേശങ്ങളിലെ ജനങ്ങൾ അനുഭവിക്കുന്ന ബുദ്ധിമുട്ടുകൾ കണക്കിലെടുത്ത് തണ്ണീർത്തടം, നിലം തുടങ്ങിയ പ്രദേശങ്ങൾ ഒഴിവാക്കി വെള്ളം കയറി മുങ്ങുന്ന സ്വകാര്യ വ്യക്തികളുടെ ഭൂമിയിലും പൊതുസ്ഥലങ്ങളിലും എക്കലും മണലും നിക്ഷേപിക്കുന്ന പദ്ധതി ആവിഷ്കരിച്ച് നടപ്പിലാക്കാൻ നടപടി സ്വീകരിക്കുമോ; വിശദമാക്കാമോ? | (ബി) | പ്രസ്തുത പ്രവൃത്തി നടപ്പിലാക്കുന്നതിനായി പദ്ധതികളൊന്നും തന്നെ വകുപ്പിന് കീഴിൽ ആവിഷ്കരിച്ചിട്ടില്ല. |

സെക്ഷൻ ഓഫീസർ